# മെത്രാപ്പോലീത്തായുടെ കത്ത്



(ഓഗസ്റ്റ് 2015)

**കർത്താവിൽ പ്രിയരേ,**

കേരള ജനത മാത്രമല്ല ഭാരതമാകെ ആകാംക്ഷയോടെ കാത്തിരുന്ന തെരഞ്ഞെടുപ്പുഫലമായിരുന്നു അരുവിക്കര ഉപതെരഞ്ഞെടുപ്പിന്റേത്. മാനുഷികമായ സകല കണക്കുകൂട്ടലുകളെയും നിഷ്പ്രഭമാക്കിക്കൊണ്ടാണ് തെരഞ്ഞെടുപ്പുഫലം പുറത്തുവന്നത് എന്നത് മൂല്യാധിഷ്ഠിത ജനാധിപത്യ പ്രക്രിയയ്ക്ക് അഭിമാനകരമായ ഒരു വസ്തുതയാണ്. സഭ്യതയുടെ അതിർവരമ്പുകൾ ലംഘിച്ച് പ്രചാരണം കൊഴുപ്പിക്കുവാൻ ശ്രമിച്ചവർക്കെല്ലാമുള്ള താക്കീതു കൂടിയാണ് അരുവിക്കര തെരഞ്ഞെടുപ്പുഫലം. കേരളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിലേക്കു കടക്കുവാൻ ഒരുങ്ങുന്ന സന്ദർഭമാണിത്. ജനാധിപത്യത്തിന്റെ അന്തസ് നിലനിർത്തിക്കൊണ്ട് നാടിന്റെ നന്മ മുന്നിൽ കണ്ടുകൊണ്ട് വ്യക്തമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ട് തെരഞ്ഞെടുപ്പിനെ നേരിടുവാനാണ് രാഷ്ട്രീയപാർട്ടികൾ തയ്യാറാകേണ്ടത്. എന്നാൽ ഇക്കാലത്തെ രാഷ്ട്രീയ പാർട്ടികളുടെ പ്രധാന പരിപാടി പാർട്ടിയിലെതന്നെ വിഭാഗീയതകളെ തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾക്കനുസരിച്ച് വളർത്തിയെടുക്കാനുള്ള ഗൂഢനീക്കങ്ങളാണ്. ഈ സ്ഥിതിക്ക് മാറ്റം വന്നെങ്കിൽ മാത്രമേ നമ്മുടെ നാട് രക്ഷപെടുകയുള്ളു.

സ്കൂൾ വിദ്യാഭ്യാസമേഖല പാഠപുസ്തക ദൗർലഭ്യം മൂലം ഉണ്ടായ പ്രതിസന്ധിയിൽ കലങ്ങിമറിഞ്ഞുകൊണ്ടിരിക്കുകയാണ്. അച്ചടി സംബന്ധിച്ച ജോലികളിൽ ഏർപ്പെട്ടവരുടെ ഉദാസീനതയും അവരുടെ ഇടയിലെ വിഭാഗീയതയും ഈ പ്രശ്നത്തിന്റെ മുഖ്യ കാരണങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്നുണ്ട്. സംസ്ഥാന ഗവണ്മെന്റിന്റേയും വിദ്യാഭ്യാസ വകുപ്പിന്റെയും സജീവ ശ്രദ്ധയും അതോടൊപ്പം ജാഗ്രതാപൂർവ്വമായ മുന്നൊരുക്കങ്ങളും വ്യക്തതയോടുകൂടി നടപ്പാക്കിയാൽ തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കും. ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരുടെയും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരത്തിൽ നിന്നും നമ്മുടെ വിദ്യാഭ്യാസമേഖല ഉൾപ്പെടെയുള്ള മേഖലകൾ മുക്തി നേടേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

ജൂൺ മാസാവസാനവും ജൂലൈ മാസത്തിലെ ആദ്യത്തെ 3 ആഴ്ചകളും അമേരിക്ക-യു.കെ. ഭദ്രാസനത്തിന്റെ ക്ഷണപ്രകാരം ആ ഭദ്രാസനത്തിന്റെ ക്രമീകരണ പ്രകാരവും ആ ഭദ്രാസനത്തിന്റെ വിവിധ ഇടങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി. ഭദ്രാസന മിഷൻ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന മെക്സിക്കൻ കേന്ദ്രം സന്ദർശിക്കുന്നതിനും സാധിച്ചു. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആ മേഖലകളിലുള്ളവരുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി അവിടെ നടത്തിയ മിഷന്റെ ആഭിമുഖ്യത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ മെഡിസിൻ, നേഴ്സിംഗ്, എഞ്ചിനീയറിംഗ്, എം.ബി.എ. എന്നിങ്ങനെയുള്ള വിവിധ കോഴ്സുകളിൽ പഠിച്ച് ബിരുദം നേടിയ തദ്ദേശിയരായ അഞ്ചു വിദ്യാർത്ഥികൾ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. അമ്പതോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന വി.ബി.എസും സന്ദർശിക്കാൻ ഇടയായി. തദ്ദേശിയരായ സ്ത്രീകൾ മലയാളത്തിൽ ഒരു പ്രാർത്ഥനാഗാനം ആലപിച്ചത് അതീവ ഹൃദ്യമായിരുന്നു. സ്പാനീഷ് ഭാഷ പഠിച്ച് അവരുടെ ഇടയിൽ പ്രവർത്തിക്കാനായി ഒരു പട്ടക്കാരനെ ലഭിച്ചാൽ ആ മേഖലയിലെ ശുശ്രൂഷകൾക്ക് അത് ഏറെ അനുഗ്രഹപ്രദമാകുമായിരുന്നു. അമേരിക്കൻ ഭദ്രാസനം ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുമെന്നു പ്രതീക്ഷിക്കുന്നു. Native American Indians-ന്റെ കോളനികളിൽ നടത്തപ്പെടുന്ന മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിൽ യുവജനങ്ങൾ പ്രകടിപ്പിക്കുന്ന പ്രത്യേക താല്പര്യം ശ്ലാഘനീയമത്രെ. കാനഡയിലും യു.കെ.യിലുമുള്ള ഇടവകകൾക്ക് മുമ്പുണ്ടായിരുന്ന അത്രയും സ്വാതന്ത്ര്യങ്ങൾ ഇന്നു ലഭിക്കുന്നില്ല എന്നത് ഒരു പരമാർത്ഥമാണ്. വിവിധ സംഘടനകളുടെയും സെന്ററുകളുടെയും ആഭിമുഖ്യത്തിൽ ക്യാമ്പുകളുടെയും മറ്റും എണ്ണംകൂടിവരുന്നതുകൊണ്ട് ഭദ്രാസനത്തിന്റെ നേരിട്ടുള്ള ചുമതലയിൽ നടത്തപ്പെടുന്ന ഫാമിലി കോൺഫ്രൻസുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു എന്നത് അഭിലഷണീയമല്ലാത്ത ഒരു പ്രതികരണമത്രെ. ടെക്സാസിലെ ഫാർമേഴ്സ് ബ്രാഞ്ചിന്റെ ഇടവകയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അടുത്ത വർഷാരംഭത്തോടുകൂടി അതിന്റെ കൂദാശ നിർവഹിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഹൂസ്റ്റണിൽ ഒരു പള്ളിക്കുവേണ്ടിയും ഭദ്രാസനത്തിന്റെ ഇതര ആവശ്യങ്ങൾക്കുവേണ്ടിയും ഒരു സെന്റർ പണിയുന്നതിന് സ്ഥലം വാങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്. ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ അവിടെയുള്ള ഇടവകകളുടെ സഹകരണത്തോടു കൂടിയാണ് ഈ പ്രോജക്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. കനേഡിയൻ മാർത്തോമ്മാ പള്ളിക്ക് പുതിയ സ്ഥലം വാങ്ങുവാൻ ഇടയായി. പ്ലാൻ ഇടവക സംഘം അംഗീകരിച്ചു. സാമ്പത്തിക ഞെരുക്കമുള്ള വൈദിക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ ഭദ്രാസന അസംബ്ലി തീരുമാനിച്ചത് അഭിനന്ദനാർഹമായ കാര്യമാണ്. ഭാവിയിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഇതൊരു വലിയ സഹായമായിത്തീരുമെന്നു പ്രതീക്ഷിക്കുന്നു. ഈ സന്ദർശന വേളയിൽ ഭദ്രാസന ക്ലർജി കോൺഫറൻസ്, ഭദ്രാസന കൗൺസിൽ, ഭദ്രാസന അസംബ്ലി, ഫാമിലി കോൺഫറൻസ് ആദിയായ സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചു.

2002 മുതൽ 2007 വരെ നമ്മുടെ രാജ്യത്തിന്റെ 11-ാമത്തെ രാഷ്ട്രപതിയായിരുന്ന സമാദരണീയനായ ഡോ. എ.പി.ജെ. അബ്ദുൾ കലാം (84) അന്തരിച്ച വാർത്ത രാഷ്ട്രമാകെ ഒരു ഞെട്ടലോടെയാണ് ശ്രവിച്ചത്.

രാജ്യത്തും വിദേശത്തും അദ്ദേഹം പങ്കെടുത്ത ഓരോ പരിപാടിയും വലിയ ദർശനങ്ങൾ നൽകുന്ന അനുഭവങ്ങളായിരുന്നു. അദ്ദേഹത്തിന്റെ വിവിധ മേഖലകളിലെ സംഭാവനകൾ ആർക്കും ഒരിക്കലും വിസ്മരിക്കുക സാധ്യമല്ല. അദ്ദേഹത്തെ ഒരിക്കൽ സന്ദർശിച്ച അനുഭവം ഒളിമങ്ങാത്ത ഓർമ്മയായി ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നു. ആ സ്മരണയ്ക്കു മുമ്പിൽ മാർത്തോമ്മാ സഭയുടെ ആദരാഞ്ജലികൾ സമർപ്പിക്കുന്നു.

നമ്മുടെ കറ്റാനം നേഴ്സിംഗ് കോളേജിനോടനുബന്ധിച്ചുള്ള ഫാർമസി കോളേജിൽ ഈ വർഷം അഡ്മിഷൻ ആരംഭക്കുവാനുള്ള എല്ലാ അനുവാദങ്ങളും സർക്കാരിൽ നിന്നും ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമായത് ഏറെ സന്തോഷകരമായ ഒരു വസ്തുതയത്രെ. ഒന്നരക്കോടി രൂപാ ചെലവുചെയ്ത് കെട്ടിടനിർമ്മാണത്തിന്റെയും ലാബറട്ടറി സൗകര്യങ്ങളുടെയും ഒന്നാം ഘട്ടം പൂർത്തിയായി രണ്ടാം ഘട്ടത്തിലേക്കു പ്രവേശിക്കുകയാണ്. കറ്റാനം ആശുപത്രിയിൽ ഒരു കാർഡിയാക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. ആവശ്യമായ റൂം സൗകര്യങ്ങൾക്കായി അമ്പതുലക്ഷം രൂപാ ചെലവായി. മൂന്നുകോടി രൂപാ വിലമതിക്കുന്ന എക്യുപ്മെന്റ്സ് വാങ്ങിക്കുന്നതിന് അഡ്വാൻസ് പെയ്മെന്റ് നൽകി ഓർഡർ നൽകിയിട്ടുണ്ട്. ഒരു കോടിയിലധികം രൂപ വിലവരുന്ന എക്യുപ്മെന്റ്സ് എത്തിക്കഴിഞ്ഞു. അടുത്ത രണ്ടുമൂന്നു മാസത്തിനകം ബാക്കി എക്യുപ്മെന്റ്സും എത്തിച്ചേരുന്നതാണ്. ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ മണ്ഡലാംഗമായിരിക്കുന്ന ഡോ. ജെയിംസ് തോമസാണ് കാർഡിയയാക് യൂണിറ്റുമായി ബന്ധപ്പെട്ട ക്രമീകരണത്തിനു നേതൃത്വം നൽകുന്നത്. അദ്ദേഹം ഡൽഹി സെന്റ് സ്റ്റീഫൻസ് ഹോസ്പിറ്റലിലെ ഹൃദയശസ്ത്രക്രിയാ വിദഗ്ധനും പിന്നീട് ബോംബെ പട്ടേൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുമായിരുന്നു. ഇപ്പോൾ അദ്ദേഹം ഹൃദ്രോഗചികിത്സാരംഗത്തു പ്രവർത്തിച്ചുകൊണ്ട് മുംബൈയിൽ തുടരുന്നു. കറ്റാനത്ത് കാർഡിയാക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള മുഖ്യ പ്രേരകശക്തി അദ്ദേഹമാണ് എന്നു പറയുന്നതിൽ വളരെയധികം സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ നിർലോഭമായ സഹായസഹകരണത്തിനുള്ള നന്ദി അറിയിച്ചുകൊള്ളുന്നു. നമ്മുടെ നേഴ്സിംഗ് കോളേജിൽ Post Graduate പഠനം എന്ന ലക്ഷ്യം നാം നേടിയെങ്കിലും നേഴ്സിംഗിൽ ഡോക്ടറേറ്റിനായുള്ള ഒരു ഗവേഷണ സ്ഥാപനമായും ഈ സ്ഥാപനം വളരുവാൻ ഇടയാകട്ടെ എന്ന് ആഗ്രഹിക്കുന്നു. കാർഡിയാക് യൂണിറ്റിനായുള്ള എക്യുപ്മെന്റ്സ് ഇനിയും വന്നു ചേരാനുള്ളത് വരുമ്പോഴേക്കും 2 കോടിരൂപായോളം കൊടുത്തുതീർക്കേണ്ടതായിട്ടുണ്ട്. ഉദാരമതികളായവർ സംഭാവനകളായോ രണ്ടു വർഷംകൊണ്ട് തിരികെ ലഭിക്കത്തക്ക വിധം പലിശയില്ലാക്കടമായോ നൽകിയാൽ ബാങ്കിൽ നിന്നും ലോൺ എടുക്കാതെതന്നെ ഫാർമസി കോളേജിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമായിരുന്നു. ഫാർമസികോളേജിന്റെ രണ്ടാം ഫേസിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായും ധനസമാഹരണം നടത്തേണ്ടതായിട്ടുണ്ട്.

നമ്മുടെ സഭയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ Diploma in Education (D.Ed) കോഴ്സ് നടക്കുന്ന തിരുവല്ല സെന്റ് തോമസ് റ്റി.റ്റി.ഐ ലെ 2013-2015 ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികളും ഉന്നതനിലവാരത്തിൽ 100% വിജയം കരസ്ഥമാക്കി പത്തനംതിട്ട ജില്ലയിൽ ഒന്നാം സ്ഥാനത്തെത്തുകയുണ്ടായി. National Council for Teacher Education (NCTE) അനുവദിച്ച മുഴുവൻ സീറ്റിലേക്കും ഒന്നാം വർഷം അഡ്മിഷൻ നടത്തുന്നതിന് ഈ വർഷം സാധിച്ചു. റ്റി.റ്റി.ഐ യുടെ ഉന്നതവിജയത്തിൽ പ്രിൻസിപ്പളിനെയും സ്റ്റാഫംഗങ്ങളേയും പ്രത്യേകം അനുമോദിക്കുന്നു.

ബഹറീൻ ഇടവകയിൽ നടന്നുവന്ന മാർത്തോമ്മാ കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗത്തിന് തുറന്നു കൊടുക്കാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ബഹറീനിലെ crown prince നെ കണ്ടു സംസാരിക്കുവാൻ അവസരം ലഭിച്ചപ്പോൾ ബഹറീനിലെ സർവ്വതോമുഖമായ പുരോഗതിക്ക് അവിടെയുള്ള മാർത്തോമ്മാ സഭാംഗങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന പങ്കിനെക്കുറിച്ച് അദ്ദേഹം സംസാരിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ, ബഹറീനിൽ മാർത്തോമ്മാ സഭാംഗങ്ങൾക്ക് ആരാധിക്കുവാൻ സ്വന്തമായി ഒരു പള്ളിയില്ല എന്ന കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ആഡിറ്റോറിയവും പാഴ്സനേജും ഉൾപ്പെടെ പണിയുന്നതിനായി അമ്പതു സെന്റു സ്ഥലം ഇപ്പോൾ അവിടുത്തെ ഗവൺമെന്റ് സഭയ്ക്കു അനുവദിച്ചു നൽകി എന്നത് എത്രയോ സന്തോഷകരമായ ഒരു വസ്തുതയാണ്. സ്ഥലം ഗവൺമെന്റിന്റെ പേരിലായിരിക്കുമെങ്കിലും പള്ളിയും അനുബന്ധസൗകര്യങ്ങളും നമ്മുടെ സഭയുടേതായിരിക്കും. അസാധ്യ കാര്യങ്ങളെ സാധ്യമാക്കിത്തീർക്കുന്ന വലിയവനായ ദൈവത്തിനു സ്തോത്രം കരേറ്റുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണവും സഹകരണവും ലഭിക്കേണ്ടതിനായി ഏവരും പ്രാർത്ഥിക്കണം.

മാരാമൺ കൺവൻഷനു വേണ്ടിയുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വചനപ്രഘോഷണത്തിനായി തക്ക നേതാക്കളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം. ആവശ്യമായ നേതൃത്വം നൽകുന്നതിന് സുവിശേഷപ്രസംഗ സംഘത്തെ ദൈവം ശക്തീകരിക്കട്ടെ.

'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് പറയുകയും മാലിന്യ കൂമ്പാരങ്ങളുടെ സ്വന്തം നാടായി പ്രവർത്തിക്കുകയും ചെയ്യുന്ന കേരളത്തിൽ തെരുവുനായ്ക്കളുടെ ശല്യം അസഹനീയമായിത്തീർന്നിരിക്കുന്ന ഒരു അവസ്ഥാവിശേഷമാണ് വന്നു ഭവിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് നടപടികൾ സ്വീകരിക്കേണ്ട സർക്കാർ നിസംഗത പുലർത്തുന്നത് അപലപനീയമാണ്. പേവിഷബാധക്കെതിരായി കേരളസർക്കാർ ഒരു വർഷം വാങ്ങുന്നത് 10 കോടിയുടെ വാക്സിനാണ്. സ്വകാര്യ ആശുപത്രികൾ വാങ്ങുന്ന വാക്സിൻ കൂടി നോക്കിയാൽ പിന്നെയും തുക കൂടുന്നു. തെരുവുനായ്ക്കൾ പെരുകിയാൽ മാത്രമേ മരുന്നുവിപണി കൂടുതൽ മെച്ചപ്പെടുകയുള്ളൂ എന്നതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിസംഗത സംശയത്തിന്റെ നിഴലിലാകുന്നതായി പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പട്ടികളെ സംരക്ഷിക്കണമെന്നു വാശിപിടിക്കുന്നവർ ഉടമസ്ഥരില്ലാത്ത തെരുവുപട്ടികളെ സംരക്ഷിക്കാൻ പ്രത്യേകം സംവിധാനം ഏർപ്പെടുത്തി സംരക്ഷിക്കണം. പട്ടികടിച്ചവർക്ക് 50000 രൂപ ധനസഹായം നൽകി സർക്കാരിന്റെ സാമ്പത്തിക ബാധ്യത കൂട്ടുന്നതിനുപകരം അങ്ങനെ സംഭവിക്കാതിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് വേണ്ടത്. ഇക്കാര്യത്തിൽ പൊതുജനമനഃസാക്ഷി ഉണരേണ്ടിയിരിക്കുന്നു.

ഭൂരിഭാഗം ഭദ്രാസനങ്ങളിലും ഭദ്രാസന അസംബ്ലി യോഗങ്ങൾ അനുഗ്രഹകരമായ രീതിയിൽ നടന്നു. ബാക്കിയുള്ള ഭദ്രാസനങ്ങളിലും ഉടനെതന്നെ അസംബ്ലി യോഗങ്ങൾ ചേരുമെന്നു പ്രതീക്ഷിക്കുന്നു. സമയബന്ധിതമായി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു പാസ്സാക്കിയ എല്ലാ സ്ഥാപനങ്ങളെയും ഇടവകകളെയും അനുമോദിക്കുന്നു.

ലോകത്തെ രൂപാന്തരപ്പെടുത്തുവാനുള്ള ദൗത്യമാണ്

ഒരു ക്രൈസ്തവ സഭയുടേത്. ക്രൈസ്തവ സഭയുടെ ചരിത്രവും അതിനു തെളിവാണ്. എന്നാൽ പലപ്പോഴും ലോകയിമ്പങ്ങളിലും ഒട്ടും അഭിലഷണീയമല്ലാത്ത പ്രവണതകളിലും ക്രൈസ്തവർ പോലും വീണുപോകുന്നു എന്നുള്ളത് ഏറെ സങ്കടകരമായ ഒരു വസ്തുതയാണ്. അമേരിക്കയിൽ സ്വവർഗരതിക്കും സ്വവർഗവിവാഹത്തിനും അവിടുത്തെ സുപ്രീം കോടതി തന്നെ അനുമതി നൽകിയിരിക്കുകയാണ്. അത്തരത്തിലുള്ള വിവാഹബന്ധത്തിൽ ചില മാർത്തോമ്മാക്കാർ ഉൾപ്പെട്ടിട്ടു പോലും ഉത്തരവാദിത്തപ്പെട്ട പട്ടക്കാരോ മറ്റുള്ളവരോ അതു സഭാനേതൃത്വത്തിനു റിപ്പോർട്ടു ചെയ്തില്ല എന്നതും ഒരു വസ്തുതയത്രെ. ഇത്തരം ദുഷ്പ്രവണതകളുടെ അരങ്ങേറ്റം 'സോദോം, ഗോമറ' സംസ്കാരത്തിന്റെ പുനർവിന്യാസമായി പരിണമിക്കുവാനുള്ള ലക്ഷണങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അമേരിക്കയിൽ കോടതി അനുവദിച്ചതുകൊണ്ട് സഭയിലും സ്വവർഗവിവാഹം അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ട് സഭാഭരണഘടനയുടെ 113-ാം വകുപ്പനുസരിച്ച് ഭാവിയിൽ ഒരു പ്രമേയം ആരെങ്കിലും അവതരിപ്പിച്ചാലും അത്ഭുതപ്പെടേണ്ടതില്ല. സഭയ്ക്ക് സഭയുടേതായ നിലപാടുകളും നടപടിക്രമങ്ങളുമുണ്ട്. വിവാഹം രണ്ടുപേർ തമ്മിലുള്ള വെറുമൊരു ഉടമ്പടിയല്ല, അതൊരു വിശുദ്ധ കൂദാശയാണ്. ആ കൂദാശയിലൂടെ ഒരുമിച്ചവരുടെ കുഞ്ഞുങ്ങളെയാണ് സഭ മാമോദീസായിലൂടെ പ്രവേശിപ്പിക്കുന്നത്. ലോകത്തിന്റെ ഒഴുക്കിനനുസരിച്ച് ഒഴുകുന്നതല്ല, ക്രിസ്തുവിന്റെ കരങ്ങളിൽ ഒഴുക്കിനെതിരെ നീങ്ങുന്നതാണ് സഭയുടെ ദൗത്യമെന്നു എല്ലാവരും തിരിച്ചറിയേണ്ടിയിരിക്കുന്നു.

നമ്മുടെ പിതാക്കന്മാർ ഉന്നതമായ ദർശനത്തോടുകൂടി നമ്മുടെ തക്സായിൽ ഉൾപ്പെടുത്തിയ ഒരു ഗീതമുണ്ട്–

"നിൻ ശരണത്തിൻ മൃതരാം നിന്നടിയാരെ നിൻ ജീവ സ്വരം

പറുദീസായിലേക്കുണർത്തുമ്പോൾ ഞങ്ങളെയും നീ ഓർക്കണമേ"

എന്ന ഗീതമാണ് നമ്മുടെ പല പള്ളികളിലും 'പറുദീസായിലേക്കുണർത്തുമ്പോൾ' എന്നതിനുപകരമായി വ്യത്യസ്ത ആശയം വരുന്നവിധത്തിൽ 'പറുദീസായിലേക്കുയർത്തുമ്പോൾ' എന്നു പാടുന്നത്. ഇത് തെറ്റായ ഒരു ശീലമാണ്. അമേരിക്കൻ ഭദ്രാസനത്തിലെ എന്റെ സന്ദർശന വേളയിൽ വിവിധ പള്ളികളിലെ ആരാധനയിൽ പങ്കെടുത്തപ്പോഴെല്ലാം, അവരെല്ലാം അതു ശരിയായ അർത്ഥത്തിൽ തന്നെയാണു ചൊല്ലുന്നത് എന്നതിൽ വളരെ സന്തോഷമുണ്ട്. നമ്മുടെ ഇടവകപട്ടക്കാർ ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതത്രെ.

2015 സെപ്റ്റംബർ 1, 2, 3 തീയതികളിലെ സഭാപ്രതിനിധി മണ്ഡലത്തിനായി നാം എല്ലാവരും പ്രാർത്ഥനാപൂർവ്വം ഒരുങ്ങേണ്ടിയിരിക്കുന്നു. ആയിരത്തി അഞ്ഞൂറോളം പേർ പങ്കെടുക്കുന്ന മണ്ഡലയോഗത്തിൽ ആത്മനിയന്ത്രണത്തോടുകൂടി ശിക്ഷണം പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതത്രെ.

ആഗസ്റ്റ് മാസത്തിലെ ധ്യാനങ്ങൾ നാം ആരംഭിക്കുന്നത് പതിനഞ്ച് നോമ്പാരംഭത്തോടുകൂടിയാണ്. ഗ്രാമീണ കന്യകയായ വിശുദ്ധ കന്യക മറിയത്തിനു ദൂതൻ പ്രത്യക്ഷപ്പെട്ട് ദൈവത്തിനു മറിയയോടു അറിയിക്കുവാനുള്ള ജഢാവതാരത്തിന്റെ ദൂത് അറിയിക്കുമ്പോൾ മറിയ യഥാർത്ഥത്തിൽ മരണത്തെ മുഖാമുഖമായി കാണുകയായിരുന്നു. യെഹൂദ മതാചാരപ്രകാരം വിവാഹം നിശ്ചയിച്ച പെൺകുട്ടി വിവാഹത്തിനു മുമ്പ് ഗർഭിണിയായതായി ബോധ്യപ്പെട്ടാൽ കല്ലെറിഞ്ഞു കൊല്ലുകയാണു വേണ്ടത്. ആ സാധ്യതയാണ് തെളിഞ്ഞു വരുന്നതെങ്കിലും മറിയ അതിലുപരിയായി ദൈവഹിതം ശിരസ്സാ വഹിക്കുവാൻ തയ്യാറാവുകയാണ്. "ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന് മറിയ മറുപടി പറഞ്ഞതുപോലെ ജീവിതത്തിന്റെ ഓരോ അനുഭവങ്ങളിലും മറുപടി പറയുവാൻ നമ്മെ ഒരുക്കുന്ന അനുഭവമായി നോമ്പാചരണം തീരണം. 'മറിയാമിൽ നിന്നു ക്രിസ്തു ജഢം ധരിച്ചു' എന്നു പറയുന്നതിനു പകരം മറിയാമിൽ നിന്നും ക്രിസ്തു ശരീരം ധരിച്ചു എന്ന് ചിലർ പറയുന്നതു ശരിയല്ല. ജഡം ധരിച്ചു എന്നു പറയുമ്പോൾ വ്യക്തിത്വം ധരിച്ചു എന്നുകൂടി അർത്ഥമുണ്ട് എന്നു നാം ഓർക്കണം. ആഗസ്റ്റ് മാസം രണ്ടാം ഞായറാഴ്ച നാം ധ്യാനിക്കുന്നത് 'ദൗത്യം-ദൈവിക നൊമ്പരത്തിന്റെ പങ്കിടീൽ' എന്ന വിഷയമാണ്. സമൃദ്ധിയുടെ സുവിശേഷമല്ല ക്രിസ്തീയ സുവിശേഷം, അതു ദൈവികനൊമ്പരത്തിന്റെ പങ്കിടലാണ്. തുടർന്ന് മറുരൂപപ്പെരുന്നാളിനെക്കുറിച്ച് ധ്യാനിക്കുമ്പോൾ നമുക്കിത് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. മറുരൂപമലയിൽ ക്രിസ്തുവിന്റെ തേജസിന്റെ നിസ്തുല്യത വെളിപ്പെടുന്നു. എന്നാൽ യേശു അവരെ ആഹ്വാനം ചെയ്യുന്നത് മലയിലെ അഭൗമമായ അനുഭൂതിയിൽ ലയിച്ചിരിക്കുവാനല്ല താഴ്വരകളിലെ നൊമ്പരങ്ങളിലേക്കു ഇറങ്ങിച്ചെന്ന് പരിഹാരം കാണുവാനാണ്. 'ദൈവജനം-ലോകത്തിന്റെ ഉപ്പും പ്രകാശവും' എന്നതാണ് ആഗസ്റ്റ് 9 ഞായർ നാം ധ്യാനിക്കുന്നത്. മലിനമാകാതെ സൂക്ഷിക്കാൻ പദാർത്ഥങ്ങളിൽ ഉപ്പു ചേർക്കുന്നത് എല്ലാ സംസ്കാരങ്ങളിലും കണ്ടുവരുന്ന പൊതു സ്വഭാവമാണ്. മാലിന്യങ്ങൾ എത്ര വന്നു ചേർന്നാലും കടൽ അശുദ്ധമാകാതെയിരിക്കുന്നത് കടലിലെ ഉപ്പിന്റെ സാന്നിധ്യംകൊണ്ടാണ്. ഭക്ഷ്യപദാർത്ഥങ്ങൾക്ക് രുചി വരുത്തുന്നതിന് നാം ഉപ്പ് ഉപയോഗിക്കുന്നു. ലോകത്തിന്റെ മാലിന്യം പുരളാതെ സ്വയം കാത്തുസൂക്ഷിക്കുവാനും സമൂഹത്തെ സൂക്ഷിക്കുവാനും ജീവിതത്തെ അർത്ഥവത്താക്കിത്തീർക്കുന്ന വിധത്തിൽ രുചികരമാക്കിത്തീർക്കുവാനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. കർത്താവു പറഞ്ഞതുപോലെ നാം ലോകത്തിന്റെ വെളിച്ചമാകുമ്പോൾ നമ്മുടെ സമൂഹവും നീതിയുടെയും സ്നേഹത്തിന്റെയും വെളിച്ചം കൊണ്ടു നിറയും. നമ്മുടെ രാജ്യം വീണ്ടുമൊരു സ്വാതന്ത്ര്യദിനത്തെക്കൂടി വരവേൽക്കുകയാണ്. രാഷ്ട്രത്തെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ വലിയ സ്വപ്നം 'രാജ്യമൊരു ദൈവരാജ്യം' എന്ന ദർശനമായിരുന്നു. ഓരോ സ്വാതന്ത്ര്യദിനവും ആ സ്വപ്നത്തിലേക്കു കൂടുതൽ അടുപ്പിക്കുന്ന അനുഭവമായിത്തീരുവാൻ നമുക്കു പ്രാർത്ഥിക്കാം, അതിനായി പ്രവർത്തിക്കാം. പാപദാസ്യത്തിൽ നിന്നും വിടുവിക്കപ്പെടുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കു നാം ഉണർത്തപ്പെടുന്നത് ആ സ്വാതന്ത്ര്യമാണ് നമ്മെ ക്രിസ്തുവിൽ പുതിയ സൃഷ്ടികളാക്കിത്തീർക്കുന്നത്. പുതിയ സൃഷ്ടികളാണ് ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികൾ. നവീകരണവക്താവായ മാർട്ടിൻ ലൂഥർ പറഞ്ഞു – "മറ്റുള്ളവർ പറഞ്ഞതു കേട്ടതുകൊണ്ടല്ല, ഞാൻ നേരിട്ടറിഞ്ഞ ക്രിസ്തുവിലാണ് ഞാൻ വിശ്വസിക്കുന്നത്". ദൈവം നല്ലവനെന്നു രുചിച്ചറിഞ്ഞുകൊണ്ട് സാക്ഷ്യത്തിൽ നമുക്കു വളരാം. മോശെ യിസ്രായേൽ മക്കളോടു പറഞ്ഞതു നമ്മുടെയും വിശ്വാസപ്രഖ്യാപനമായി അനുഭവവേദ്യമായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. "പുരാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്" (ആവർത്തനപുസ്തകം 33:27).

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.




പുലാത്തീൻ,
28-07-2015

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ